ലക്കം-28/ഏപ്രിൽ 2015

# പാവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



## കൊന്നകൾ വീണ്ടും പൂക്കുമ്പോൾ...

## ആമുഖം

കാലം അതിന്റെ പ്രവാഹം തുടരുന്നു. മഞ്ഞു പെയ്യുന്ന മകരം എങ്ങോ പോയി മറഞ്ഞു. മീന സൂര്യന്റെ വരവ് അറിയിച്ചു കൊണ്ട് വരണ്ട ചൂടു കാറ്റ് വീശിത്തുടങ്ങി ഇവിടെ മധുവനത്തിൽ. അതിനിടെ ആരോരുമറിയാതെ മലയാളം കണി കണ്ടുണരുകയും ചെയ്തു. ഹവിസ്സിന്റെ എല്ലാ വായനക്കാർക്കും എന്നെന്നും കണ്ണനെ കണി കണ്ടുണരുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഭാഗ്യങ്ങളുടെ നിറകുടവുമായാണ് ഓരോ വിഷുവും കടന്നു വരുന്നത്. കണ്ണനെ കണികണ്ടുണരുന്നത് ഒന്നാമത്തെ ഭാഗ്യം... സർവ്വ ഐശ്വര്യങ്ങളുടെയും കണികാണുന്നത് മറെറാരു ഭാഗ്യം... വിഷുകൈ നീട്ടം മൂന്നാമത്തെ ഭാഗ്യം... കുടുംബാംഗങ്ങളു മായുള്ള ഒത്തു കൂടൽ നാലമത്തെ ഭാഗ്യം... ഇതെല്ലാം പകരുന്ന സ്നേഹവും സന്തോഷവും ആനന്ദവും അഞ്ചാമത്തെ ഭാഗ്യം...

ഭാഗ്യം ഭഗവാനുമായി ബന്ധപ്പെട്ട ശബ്ദമാണ്. ഭാഗ്യവിധാതാവായി (ഭാഗ്യം നൽകുന്നവനായി) ഭഗവാനെയാണല്ലോ നാം കണക്കാക്കുന്നത്. ഭാഗ്യവിധാതാവായ ഭഗവാനുമായി ബന്ധം സ്ഥാപി ച്ചാലല്ലേ യഥാർത്ഥ ഭാഗ്യം നമുക്കു നേടുവാനാവൂ. നിത്യമായ ഭാഗ്യം നേടണമെങ്കിൽ, നിത്യമായ കണികണ്ടുണരലും വേണ്ടി വരുന്നു. ഈശ്വരൻ ഉള്ളിടത്ത് ഐശ്വര്യം സ്ഥായിയായിട്ടുണ്ടാകു മല്ലോ. അവിടെ ബന്ധു-മിത്ര-പുത്ര-കളത്ര സുഖം പറവതിനെളുതാവില്ലല്ലോ. സ്നേഹ സാഗരനായ സർവ്വേശ്വരൻ കൂടെയുള്ളപ്പോൾ സന്തോഷവും ആനന്ദവും വർണ്ണിക്കേണ്ടതുണ്ടോ? ഗോപ-ഗോപികൾ അനുഭവിച്ച അതീന്ദ്രിയ സുഖത്തിന്റെ അനുഭൂതി നുകരുവാൻ നമുക്കും സാധിക്കും. എങ്ങനെ?

കണ്ണനെപ്പോലെയാകുവാൻ നമുക്കാകണം. എല്ലാ വർക്കും പ്രിയപ്പെട്ടവരായി നാം മാറണം. അതോ ടൊപ്പം എല്ലാവരിൽ നിന്നും, എല്ലാത്തിൽ നിന്നും നിസ്സംഗരായി, നിർമ്മോഹി (മോഹം ഇല്ലാത്ത വരായി) ആകുവാനും നമുക്ക് ആകണം. ഇത് കണി കണ്ടതു കൊണ്ടോ, കൈ കൂപ്പിയതു കൊണ്ടോ, നാമം ജപിച്ചതു കൊണ്ടോ സാധ്യ മാവില്ല. ജപം, തപം, ദാനം, പുണ്യം ഇതു കൊണ്ടൊന്നും തന്നെ പ്രാപിക്കുവാനാവില്ല എന്ന് ഭഗവാൻ ഗീതയിൽ അരുളിയത് വീൺവാക്കാ വില്ലല്ലോ. അതിനു വ്യക്തമായ പുരുഷാർത്ഥം വേണ്ടിയിരിക്കുന്നു. പുരുഷനു വേണ്ടി, ആത്മാവിനു വേണ്ടി ചെയ്യുന്ന കർമ്മമാണ് പുരുഷാർത്ഥം.

ഈ നിമിഷം വരെ നാം നരച്ചു, നശിച്ചു പോകുന്ന ദേഹമാണെന്ന സ്മൃതിയിൽ ജീവിക്കുകയാണ്. ഈ ദേഹത്തിൽ കുടികൊള്ളുന്ന ചൈതന്യമാണ് നാം എന്ന തിരിച്ചറിവിലൂടെ, ആ ചൈതന്യത്തെ ശക്തിപ്പെടുത്തുവാനുള്ള ശ്രമം നമുക്കു തുടങ്ങാം. അതാണ് പുരുഷാർത്ഥം ജന്മ-ജന്മങ്ങളിലേയ്ക്കുള്ള പുണ്യം അതിലൂടെ നമ്മെ തേടി എത്തുന്നു. ആത്മ സ്മൃതി ഉണരുന്നതിന് അനുസരിച്ച്, ആത്മാവിന്റെ നാഥനായ പരമാത്മാവുമായി, പരമ പുരുഷനുമായി നമ്മുടെ ബന്ധം കൂടുതൽ കൂടുതൽ ശക്തമാകുന്നു. ആത്മാവിന്റെ നിത്യ മായ ആ അച്ഛനിലേയ്ക്ക്, ആ സ്നേഹ വലയ ത്തിലേയ്ക്ക് നാം കൂടുതൽ കൂടുതൽ ആകൃഷ്ട രാകുന്നു. അപ്പോൾ, നിമിഷങ്ങൾ മാത്രം ദൈർഘ്യമുള്ള ദേഹ ബന്ധങ്ങളുടെ അല്പത്വം നാം തിരിച്ചറിയുവാൻ തുടങ്ങുന്നു.

വലിയ നാടകത്തിലെ ആടിത്തീർന്നതും, ആടിത്തി മിർക്കുന്നതുമായ വേഷങ്ങൾ മാത്രമായി അച്ഛൻ, അമ്മ, സഹോദരങ്ങൾ, ബന്ധുക്കൾ, മിത്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ദേഹ ബന്ധങ്ങളെയും തിരിച്ചറിയുമ്പോൾ, അവരോടുള്ള വൈകാരിക മായ മോഹത്തിൽ നിന്നും മനസ്സ് പതുക്കെ പതുക്കെ വിട്ടു പോരും. പരമമായ സ്നേഹ ത്തിന്റെ, ശാശ്വതമായ സ്നേഹത്തിന്റെ, സർവ്വ ബന്ധുത്വത്തിന്റെ സുഖം നാം തിരിച്ചറിയും. കണ്ണന്റെ രാധയായി നാം മാറുന്ന ആ നിമിഷ ത്തിൽ, നമ്മുടെ ഉള്ളിന്റെ ഉള്ളിൽ ഭഗവാൻ മാത്രമാകും. അവിടെ കണ്ണടച്ചാലും തുറന്നാലും മറെറാരു കണിയും നമുക്കു ദൃശ്യമാകില്ല. എന്നെന്നും ഭക്തവത്സലനായ ഭഗവാന്റേതായി നാം മാറുന്ന ആ നിമിഷങ്ങളിൽ കണിക്കൊന്നകൾ വീണ്ടും പൂക്കും, യുഗ-യുഗങ്ങളിലേയ്ക്കായി. സത്യത്തിന്റെ, ധർമ്മത്തിന്റെ, സ്നേഹത്തിന്റെ, ശാന്തിയുടെ, സമൃദ്ധിയുടെ ആ നല്ലകാലത്തി ലേയ്ക്ക് നമുക്ക് ഒന്നിച്ചു ചുവടു വയ്ക്കാം. വന്നാലും...



# താളുകൾ മറിക്കുമ്പോൾ

വിവേക ശകലങ്ങൾ.......................................................................................................... ദാദി ജാനകി

ഭാവന...................................................................................................ബി. കെ. അനില, തിരുവനന്തപുരം

സ്നേഹത്തനിമ..........................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ബ്രഹ്മാകുമാർ ജഗദീഷ് ഭായിയുമായി..........................................……........മാമ്പള്ളി ജി.ആർ. രഘുനാഥ്

ബുദ്ധിവ്യാപാരം...........................................................................................കൃഷ്ണനുണ്ണി, പാലക്കാട്

ഇടയ്ക്ക തൻ നാദം.............................................................................................അഭിരാമി, പേരാമ്പ്ര

ജ്യോതിഷവും ദോഷപരിഹാരങ്ങളും...............................................ബി. കെ. അനിൽ, തിരുവനന്തപുരം

ജാതിയും മതവും.....................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ആത്മ ബോധം............................................................................................................സുനിത, പാലക്കാട്

ഏന്തുകൊണ്ട് എനിക്ക് മാത്രം...?.................................................പ്രതിഭാ നായർ, മൗണ്ട് ആബു

അന്നം പ്രസാദമാകുമ്പോൾ...........................................................അശ്വിൻ കുട്ടോത്ത്, കോഴിക്കോട്



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**എല്ലായ്പോഴും സത്യസന്ധരായിരുന്നാൽ നിങ്ങൾക്ക് ഒന്നും ഭയപ്പെടുവാനില്ല.**

**നമ്മുടെ ഉള്ളിലെ സത്യത്തിന്റെ ശക്തിയെ നാം അംഗീകരിക്കുന്നതിലൂടെ യഥാർത്ഥ ധൈര്യം നമുക്ക് കൈവരുന്നു. എന്റെ കർമ്മങ്ങൾ സത്യത്തെ ആധാരമാക്കിയാണെന്ന് ഞാൻ ഉറപ്പാക്കണം. അപ്പോൾ കാര്യങ്ങൾ വഴിതെററിപ്പോയാലും എനിക്ക് ധൈര്യത്തോടെ നേരിടുവാനാകും.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

# ഭാവന

ബി.കെ. അനില

മഴ പെയ്യാതിരുന്നാൽ ഭൂമിയിലെ ജീവജാലങ്ങളുടെ നിലനില്പിനെ അത് സാരമായി ബാധിക്കും. മഴ പെയ്യുമ്പോൾ അനുകൂല മാറ്റങ്ങൾ ഉണ്ടാകുന്നു. ആദ്ധ്യാത്മികജ്ഞാനം നമ്മുടെ ജീവിതത്തിലും ലോകത്തിലും ഉണ്ടാക്കുന്ന മാറ്റങ്ങൾ അതുപോലെ യാണ്. ഈ ജ്ഞാനമാകുന്ന മഴ മനസ്സിന്റെ നില ത്തിൽ പതിക്കുമ്പോൾ തപിച്ചുകൊണ്ടിരുന്ന മന സ്സിന് നൽകുന്ന കുളിർമ്മയും അത് ജീവിതത്തിൽ കൊണ്ടു വരുന്ന മാറ്റവും അത്ഭുതകരമാണ്.

മാറ്റം പ്രകൃതിദത്തമാണ്. ജീവിതത്തിൽ മാറ്റങ്ങൾ സ്വാഭാവികമായും നടക്കുന്നു, ബോധപൂർവ്വം നമ്മൾ കൊണ്ടുവരാനും ശ്രമിക്കുന്നു. മാറ്റങ്ങൾ പുരോഗതിയിലേയ്ക്ക് നയിക്കുന്നതായിരിക്കണം. ജീവിതത്തിലെ മാറ്റങ്ങൾ നമ്മളെ ഉയർച്ചയിലേയ്ക്ക് നയിക്കുന്നതാണോ എന്ന് അറിയാൻ മാറ്റത്തെ അളക്കണം അഥവാ പരിശോധിക്കണം. പനിയെ തെർമ്മോമീറ്റർ ഉപയോഗിച്ച് അളക്കുവാൻ കഴിയും. അതുപോലെ നമ്മുടെ മാറ്റത്തെ അളക്കാനുള്ള ഉപ കരണം ഏതാണ്? ജീവിതം ഉയർച്ചയിലേയ്ക്കാണോ പോകുന്നത് എന്നത് എങ്ങനെ അളക്കാൻ കഴിയും? അത് അറിയാൻ ഉപയോഗിക്കുന്ന സാധനമാണ് വൃത്തി അഥവാ മനോഭാവം. ഓരോരുത്തരും സ്വന്തം മനോഭാവത്തെ അളക്കുകയാണെങ്കിൽ അഥവാ പരിശോധിക്കുകയാണെങ്കിൽ, നമ്മുടെ മാറ്റത്തെ കുറിച്ച് നമുക്ക് മനസ്സിലാകും.

മാറ്റത്തെ കുറിച്ച് ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ പറയുന്നത് - ലോകം നമ്മുടെ സങ്കല്പ ങ്ങളുടെ സൃഷ്ടിയാണ്, സങ്കല്പങ്ങൾ മാറ്റാതെ ലോകത്തെ മാറ്റുവാൻ കഴിയില്ല എന്നാണ്. മാറ്റത്തിന്റെ ഈ തിയറി (സിദ്ധാന്തം) വ്യക്തിക്കും ലോകത്തിനും ബാധകമാണ്. അതിനാൽ മനോ ഭാവത്തെ ശ്രേഷ്ഠമായ രീതിയിൽ മാറ്റിയെടു ക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. മനോ ഭാവം 3 തരത്തിൽ ഉണ്ട്. താമസികം, രാജസികം, സാത്വികം. മനോഭാവത്തിന് ആധാരം ഒരാളിലെ ഗുണങ്ങളോ അവഗുണങ്ങളോ ആണ്. ഒരാളിൽ ആസുരീയ അവഗുണങ്ങളാണ് ഉള്ളതെങ്കിൽ മനോഭാവം താമസികം അഥവാ ആസുരീയം ആയിരിക്കും. ദിവ്യഗുണങ്ങളാണ് ഉള്ളതെങ്കിൽ മനോഭാവം സാത്വികം അഥവാ ദിവ്യമായിരിക്കും. ക്രോധം, വെറുപ്പ്, പ്രതികാരം തുടങ്ങിയവ തമോ ഗുണീ മനസ്സിൽ നിന്നും വരുന്ന ഭാവങ്ങളാണ്. എന്നാൽ സ്നേഹം, ദയ, ക്ഷമ തുടങ്ങിയ ഭാവങ്ങൾ സാത്വികമായ മനസ്സിൽ നിന്നും വരുന്നവയാണ്. മനസ്സിന്റെ ഗുണ-അവഗുണങ്ങളെ മനോഭാവം ആകുന്ന തെർമോമീറ്റർ വച്ച് അളക്കണം. തമോ ഗുണ മനോഭാവത്തെ മാറ്റി ശുദ്ധവും ഗുണ യുക്തവുമാക്കണം. ഇതിനുള്ള വിധിയാണ് യോഗം. യോഗത്തിന്റെ പരിണിതഫലമാണ് ചിത്ത-വൃത്തി ശുദ്ധി എന്ന് പറയുന്നു. യോഗം എന്നാൽ യോജി ക്കുക എന്നാണ്. മനസ്സ് ഈശ്വരനുമായി ഒന്നിക്കു മ്പോൾ അതു സ്വതവേ ഗ്രഹിക്കുന്ന ദിവ്യ ഗുണങ്ങൾ മനോവൃത്തിയെ ദിവ്യമാക്കുന്നു, ശുദ്ധ മാക്കുന്നു. എന്നാൽ ആത്മസ്മൃതി, ഈശ്വര സ്മൃതിയെ സഹജവും അനുഭവയുക്തവുമാക്കും. അതിനാൽ അശുദ്ധ മനോഭാവങ്ങൾ മാറ്റാൻ ആത്മ സ്മൃതിയുടെ നിരന്തര അഭ്യാസം വളരെ സഹായിക്കും.

എഴുത്തുകാരനായ ബെർണാഡ് ഷാ പറയുന്നത് - സ്വന്തം മനസ്സിനെ മാറ്റാൻ കഴിയാത്തവർക്ക് ഒന്നിനെയും മാറ്റുവാൻ കഴിയില്ല എന്നാണ്. അതിനാൽ മാറ്റത്തിന്റെ ആദ്യ ചുവട് സ്വന്തം മനോഭാവങ്ങളിലെ മാറ്റമാണ്. മനോഭാവത്തെ അഥവാ വൃത്തിയെ ഉയർന്നതാക്കാൻ സഹായി ക്കുന്ന മൂന്ന് ധാരണകൾ ഉണ്ട്. അത് പ്രാവർത്തിക മാക്കുന്നതിലൂടെ മനോവൃത്തിയെ പരിവർത്തനം ചെയ്ത് ശുദ്ധവും ശ്രേഷ്ഠവും ആക്കുവാൻ കഴിയും. ഒന്നാമതായി ദയാഹൃദയരാകണം. ഈശ്വരൻ ദയാസാഗരവും മംഗളകാരിയുമാണ്. മനുഷ്യർ പരസ്പരം പകവച്ചു പുലർത്തുകയും ദൈവത്തോട് ദയ യാചിക്കുകയും ചെയ്യുന്നു. ഭഗവാൻ സർവ്വരോടും ദയയും കരുണയും കാണിക്കുന്നുവോ, അതുപോലെ തന്റെ സ്വരൂപ ത്തെയും ഈശ്വരനു സമാനം അതായത് ഈ ഈശ്വരീയ ഗുണത്തിനു സമാനമായി വിഭാവന ചെയ്യണം. ഈശ്വരനുസമാനം ദയയുടെയും സ്വരൂപമാകണം.

# സ്നേഹത്തനിമ

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഈശന്റെ വരദദനമായ് ജന്മസംസ്ക്കാരമായ്പ്പെയ്യുന്നു 'സ്നേഹം'
നിറയുന്നതെവിടേയുമതിനുടമയിൻ സന്നിദ്ധ്യത്താൽ
സുഖ ശാന്തിയിൻ പ്രഭാവമോ പരക്കുന്നൂ തനിമയായ്
അതിൻ കുളിർമയനുഭവിക്കുമതിന്നരികിലെത്തിയോരും

ഈശന്റെ സ്നേഹം അതൊന്നുമാത്രമാണു നിസ്വാർത്ഥം
നാമും സ്നേഹിക്കയതുപോൽ നിസ്വാർത്ഥമായ
ഒന്നിനുമേയല്ലാതെയതിൻ അഗാധതയ്ക്കായ്
നിസ്വാർത്ഥതയും നിഷ്കളങ്കതയുമതിലുണ്ടാം

ഇന്ദ്രിയാതീത സുഖമാണീശ്വര സ്നേഹം
സത്യവും ശുദ്ധവും മാത്രം കലർപ്പൊട്ടുമേയില്ലതാനും
ഈശ്വര സ്നേഹത്തിന്നനുഭവിയാകാനോ
ഇതുമാത്രമാണൊരു വഴി എന്നതറിഞ്ഞുകൊൾക

രണ്ടാമതായി സർവ്വരോടും സ്നേഹം. ഉള്ളിൽ സ്നേഹമാണെങ്കിൽ അത് വാക്കുകൾ പ്രകടമാക്കും. വെറുപ്പും വിദ്വേഷവും നിറഞ്ഞ ഹൃദയത്തിൽ നിന്നും ക്രോധം നിറഞ്ഞ വാക്കുകൾ പുറത്തുവരും. സ്നേഹഭാവം നിറയുമ്പോൾ ദുഷ്ട ഭാവങ്ങളായ ക്രോധം, വെറുപ്പ്, പ്രതികാരം ഇവ ഇല്ലാതാകും. അതിനാൽ തന്റെ സ്വരൂപത്തെ ഈശ്വരനുസമാനം സ്നേഹത്തിന്റേതായി വിഭാവന ചെയ്യണം. ഈശ്വരനുസമാനം സ്നേഹസ്വരൂപമായി മാറണം.

മൂന്നാമതായി സേവാഭാവം. ഇതിനുവേണ്ടി തന്റെ സ്വരൂപം ഈശ്വരനു സമാനം വിശ്വമംഗളകാരിയുടേതായി വിഭാവന ചെയ്യണം. ഈ മൂന്ന് ശ്രേഷ്ഠ ഭാവനകൾ ധാരണ ചെയ്യുമ്പോൾ മറ്റ് അനേകം ദിവ്യഗുണങ്ങൾ ഉള്ളിൽ ഉത്ഭവിക്കുന്നു. ഇങ്ങനെ സാത്വികത കൊണ്ടുവന്ന് മനോഭാവത്തെ ശുദ്ധവും ദിവ്യവും ആക്കിയവരിലൂടെ ആർക്കും ദുഃഖം ഉണ്ടാവുകയില്ല. അവർ തന്റെ ഗുണങ്ങളുടെ സൗരഭ്യം മറ്റുള്ളവരിലേയ്ക്ക് പകർത്തുകയും ചെയ്യും. അപ്പോൾ സ്വയവും സുഖം ലഭിക്കും, അന്യർക്ക് ദുഃഖം നൽകാതെ സുഖം പകരുവാനും അവരുടെ ദുഃഖത്തെ അകറ്റുവാനും കഴിയും. ദയ, സ്നേഹം, സേവാഭാവം - ഇവയെല്ലാം മനുഷ്യധർമ്മങ്ങളാണ്. മഹാഭാരതത്തിൽ ദുര്യോധനൻ ധർമ്മം എന്നത് എന്താണെന്ന് തനിക്ക് അറിയാമെന്നും എന്നാൽ തനിക്ക് അത് ആചരിക്കുവാനുള്ള അനിഷ്ടത്തെക്കുറിച്ചും പറയുന്നു. മനുഷ്യർ അതുപോലെ ധർമ്മഹീനരല്ല ആകേണ്ടത്. ധർമ്മാധർമ്മങ്ങളെ തിരിച്ചറിയുകയും പുണ്യം ചെയ്യുകയും ചെയ്യണം. അപ്പോൾ സർവ്വ ഈശ്വരീയ പ്രാപ്തികളും സുഖവും ശാന്തിയും പ്രാപ്തമാകുന്നു.



# രാജയോഗി ബ്രഹ്മാകുമാർ ജഗദീഷ് ഭായിയുമായി ഒരു കൂടിക്കാഴ്ച

മാമ്പള്ളി ജി.ആർ. രഘുനാഥ്.

ആത്മപ്രകാശത്താലും പരമാത്മപ്രകാശത്താലും രമിക്കുന്ന രാജ്യമാണ് ഭാരതം എന്ന ചൊല്ലിനെ അർത്ഥപൂർണ്ണമാക്കിക്കൊണ്ടായിരുന്നു ബോംബെ, കൽക്കട്ട, കറാച്ചി എന്നിവിടങ്ങളിൽ രത്ന വ്യാപാരം ചെയ്തിരുന്ന, കൃപലാനി കുലത്തിൽ പ്പെട്ട ദാദാ ലേഖരാജിന് 1936–ൽ ലഭിച്ച ദിവ്യ സാക്ഷാത്ക്കാരങ്ങൾ. മനസ്സിൽകണ്ട ആ ദിവ്യ സാക്ഷാത്ക്കാരത്തിലൂടെ മറ്റൊരു പുതുയുഗ ത്തിന് സമാരംഭമായി. പുതിയ ദൃശ്യങ്ങൾ, പുതിയ പാഠങ്ങൾ പുതിയ അനുഭവങ്ങളുമായി ഒരു സത്സംഗത്തിലേക്ക് ആ സാക്ഷാത്ക്കാരങ്ങൾ നീങ്ങി. അനവധി എതിര്പ്പുകളും, ഒപ്പം അസുല ഭമായ അനുഭൂതികളുമായി കറാച്ചിയിൽ അന്ന് മുതൽ ഒരു പുതിയ ചരിത്രാദ്ധ്യായം ആരംഭിച്ചു കഴിഞ്ഞു. 1950–ൽ രാജസ്ഥാനിലെ മൗണ്ട് ആബു വിലേക്ക് ആ സംസ്ക്കാരം കുടിയേറ്റപ്പെട്ടു. അതു വരെ ദർശിച്ചിട്ടില്ലാത്ത ദിവ്യമായ പരിവേഷമാണ് മാനവ മനസ്സിൽ ആ സംസ്ക്കാരത്തിന് രചിക്കാൻ കഴിഞ്ഞത്. പരക്കെ ആരും അറിയാതുള്ള ഒരു ആത്മീയോൽക്കർഷം മാനവ ഹൃദയത്തെ മറ്റൊരു മാസ്മര ലോകത്തിലേക്ക് നയിച്ചു. ആനന്ദദായക മായ ഒരു മഹായജ്ഞ തപസ്സിലൂടെ മാനവർ ദേവതാ തുല്യരായിത്തീരാൻ തുടങ്ങി.

അങ്ങനെ വളർന്നു വലുതായ ഒരു പ്രസ്ഥാനമാണ് ഇന്ന് ലോകമെമ്പാടും അറിയപ്പെടുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയം. ആ വിശ്വവിദ്യാലയത്തെക്കുറിച്ചറിയാനും, വിദ്യാ ലയം പഠിപ്പിച്ചു വരുന്ന ആത്മീയ ജ്ഞാനം പഠി ക്കാനും 1982 മുതൽ ഈശ്വരൻ എനിക്കും വഴി യൊരുക്കി. അങ്ങനെ ഞാനും ഈ വിദ്യ (ആത്മ വിദ്യ) പഠിച്ചു തുടങ്ങി. ആത്മാവിനെക്കുറിച്ചും, ഈശ്വരനെക്കുറിച്ചും, കാലത്തെക്കുറിച്ചുമുള്ള പഠിത്തമായിരുന്നു ഇവിടെ. വിശ്വ വിദ്യാലയത്തിന്റെ ഒരു ശാഖയായ മീററ്റ് രാജയോഗ സെന്ററി ലായിരുന്നു. ആത്മീയ ജ്ഞാന പഠനത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞത്. രാജയോഗിനി ബ്രഹ്മാകുമാരി കമൽ സുന്ദരിജിയായിരുന്നു മീററ്റ് സെന്ററിലെ ഇൻചാർജ്ജ്.

1985–ൽ ചെന്നെയിൽ തമിഴ് നാട് സോണിന്റെ ആഭിമുഖ്യത്തിൽ ഒരു മെഗാ പ്രോഗ്രാം നടന്നി രുന്നു. ആ പ്രോഗ്രാമിൽ പങ്കെടുക്കാൻ ഞാൻ മീററ്റിൽ നിന്നും എത്തിയിരുന്നു. മധുബനിലെ ഓം ശാന്തി ഭവന്റെ ഒരു മോഡൽ അന്ന് അവിടെ നിർമ്മിച്ചിരുന്നത് ഏറെ ആകർഷകമായിരുന്നു. കൊച്ചിയിലെ ബ്രഹ്മാകുമാർ വാസൻ ബ്രദറിനേയും, രാജയോഗിനി ബ്രഹ്മാകുമാരി റോസി ബഹൻജി യേയും രാജയോഗിനി ലക്ഷ്മി ബഹൻജിയേയും ചെന്നെയിൽ വച്ച് അന്ന് കാണാൻ കഴിഞ്ഞു.

രാജയോഗിനി ബ്രഹ്മാകുമാർ ജഗദീഷ് ചന്ദ്രഹസ്സീജാ ജീയെ ആദ്യമായി കണ്ട് സംസാരിക്കാൻ കഴിഞ്ഞതും മദ്രാസിൽ വച്ചായിരുന്നു. അന്ന് ചെന്നെയിലെ സെന്റർ നുങ്കംപക്കത്തായിരുന്നു. ജഗദീഷ് ഭായിയെ കാണുന്നതിന് മുമ്പ് തന്നെ അദ്ദേഹത്തിന്റെ ബുക്കുകളും ലേഖനങ്ങളും വായിക്കാൻ കഴിഞ്ഞിരുന്നു. അത് എന്നെ ഏറെ സ്വാധീനിച്ചിരുന്നു. അതിനാൽ അദ്ദേഹത്തോട് സംസാരിക്കാനുള്ള താൽപ്പര്യം എന്നിൽ ഏറെ ഉണ്ടായി. ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് പറഞ്ഞു താങ്കളുടെ എഴുത്ത് വളരെ നന്നായി അനുഭവം ചെയ്യുന്നു. 'അത് ബാബ യുടേതാണ്' എന്ന മറുപടിയാണ് അദ്ദേഹത്തിൽ നിന്നും ലഭിച്ചത്. അദ്ദേഹത്തോടൊപ്പം കുറച്ചു ദൂരം നടന്ന് ഞാൻ സംസാരിച്ചു. താമസ്സ സ്ഥലത്തേക്ക് വേഗതയോടെ നടന്നു പോയ അദ്ദേ ഹത്തെ അത്ര വേഗതയിൽ പിന്തുടരാൻ കഴിയാതെ ഞാൻ സംഭാഷണം നിർത്തി തിരിച്ചു പോന്നു.

രാജയോഗി ബ്രഹ്മാകുമാർ ജഗദീഷ് ഭായിയു മായുള്ള എന്റെ ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്.



# ബുദ്ധിവ്യാപാരം

കൃഷ്ണനുണ്ണി, പാലക്കാട്

ഗുരുവും ശിഷ്യന്മാരും യാത്ര ചെയ്യുകയാണ്. യാത്ര ചെയ്യവെ അവർ ഒരു പുഴക്കരയിലെത്തി. പുഴ മുറിച്ച് കടക്കണം. തോണിയില്ല. നടന്ന് തന്നെ വേണം അക്കരയെത്താൻ. ഒരു യുവതി പുഴയിലിറങ്ങി നടക്കാൻ ധൈര്യമില്ലാതെ കരയിൽ നിൽക്കുന്നുണ്ടായിരുന്നു. അവൾ അവരോട് ചോദിച്ചു – എന്നെ ഒന്ന് അക്കര എത്തിക്കാമോ? അതിനെന്താ? ഗുരു പറഞ്ഞു, എന്റെ തോളിൽ കയറിക്കോളൂ. തന്റെ തോളിലിരുത്തി ഗുരു അവളെ മറുകരയെത്തിച്ചു. നന്ദി പറഞ്ഞ് അവൾ അവളുടെ വഴിക്കു പോയി. ഗുരുവും ശിഷ്യനും അവരുടെ വഴിക്കും. കുറെ നേരം കഴിഞ്ഞ് ശിഷ്യൻ ചോദിച്ചു – എങ്കിലും ഗുരോ, അങ്ങ് ആ യുവതിയെ തോളിലിരുത്തിയത് ശരിയായോ? ഓ, അവളെപ്പഴേ എന്റെ പുറത്തുനിന്നിറങ്ങി പോയല്ലോ. പക്ഷെ അവളിപ്പോഴും നിന്റെ മനസ്സിൽ അള്ളിപിടിച്ചിരിക്കുകയാണല്ലേ. അവളെ ഇറക്കി വിടൂ. ഗുരു പറഞ്ഞു. നമ്മളിൽ മിക്കവരും ആ ശിഷ്യനെ പോലെയാണ്. ആവശ്യമില്ലാത്ത പഴയ കാര്യങ്ങളെ നമ്മുടെ മനസ്സിൽ കുടിയിരുത്തി കൊണ്ട് നടക്കും. അത് മനസ്സിന്റെ ശാന്തി കെടുത്തും. ഏകാഗ്രത ഇല്ലാതാക്കും. ആ ഗുരുവിനെ പോലെയാകാനാണ് പഠിക്കേണ്ടത്. ആവശ്യം കഴിഞ്ഞാൽ ആ കാര്യം മറക്കണം. മറവി വലിയൊരനുഗ്രഹമാണ്. ഒന്നാലോചിച്ച് നോക്കൂ, ജീവിതത്തിൽ അപ്രിയവും ദുഖകരവും നിരാശാകരവും ദോഷകരവുമായി ഒട്ടേറെ കാര്യങ്ങൾ സംഭവിച്ചിട്ടുണ്ടാകും. അവയൊക്കെ ഓർമ്മയിൽ കിടന്ന് സദാ മനസ്സിനെ മദിച്ചുകൊണ്ടിരുന്നാൽ ഭ്രാന്ത് പിടിച്ച് പോകും. പുതിയ വിവരങ്ങൾ ഉള്ളിൽ കടക്കാൻ അവ വിഘാതമാകും. ഭാഗ്യവശാൽ നമ്മുടെ ബോധമണ്ഡലത്തിന് പല അറകളുണ്ട്. ഏറ്റവും നൂതനവും അത്യാവശ്യവുമായ വിവരങ്ങൾ കിടക്കുന്ന ഒരു ഉപരിതല അറ. അതിലെ വിശേഷങ്ങൾ വേഗത്തിൽ മനസ്സിലേയ്ക്ക് കടക്കും. അറയിൽ നിന്ന് വിവരങ്ങൾ മനസ്സിലേയ്ക്ക് കടക്കുന്നതിനെയാണ് ഓർമ്മിക്കലെന്ന് പറയുന്നത്. ആവശ്യം കഴിഞ്ഞാൽ അവ അറയിലേയ്ക്ക് തിരിച്ച് പോകുന്നു. ഇതാണ് മറക്കൽ. ഓർമ്മിക്കലും മറക്കലും മനസ്സിന്റെ നിരന്തരമായ വ്യായാമമത്രേ. ഇത് മനസ്സിനെ സജീവമാക്കി നിർത്തുന്നു. ബോധമണ്ഡലത്തിൽ ആഴത്തിലുള്ള അറകളുമുണ്ട്. ദൈനംദിന ജീവിതത്തിൽ അത്യവശ്യമില്ലാത്ത കാര്യങ്ങൾ ഈ ആഴ അറകളിൽ നിക്ഷേപിക്കപ്പെടുന്നു. മനസ്സിലേയ്ക്ക് പെട്ടെന്ന് കടന്നു വരാൻ അതായത് ഓർമ്മിക്കാൻ അവയ്ക്ക് പ്രയാസമാണ്. അല്പസമയത്തെ ബുദ്ധിവ്യാപാരം വേണമതിന്. ഉപയോഗവും പ്രാധാന്യവും കുറഞ്ഞ കാര്യങ്ങൾ ആഴ അറകളിലേയ്ക്ക് തള്ളിയിടപ്പെടുന്നു. മറവി ഒരു വലിയ അനുഗ്രഹമാണെന്ന് അല്പം മുമ്പ് പറഞ്ഞു. പക്ഷെ ചിലപ്പോൾ അതൊരു മഹാശാപവുമാകാറുണ്ട്. ദുരന്തവുമാകാറുണ്ട്. മറവിരോഗം അഥവാ ബുദ്ധിനാശം ഇത് പ്രായേണ വാർദ്ധ്യക്യത്തിലാണ് കണ്ടു വരുന്നത്. ആളുകളുടെയും വസ്തുക്കളുടെയും മറ്റും പേരുകൾ ഓർമ്മിക്കാൻ കഴിയാതാകുന്നു. ഇത് ക്രമത്തിൽ പുരോഗമിച്ച് ഒന്നും ഓർമ്മിക്കാൻ കഴിയാതാകുന്നു. സ്വന്തം ഭർത്താവിന്റെയും മക്കളുടെയും അവനവന്റെ തന്നെ പേര് പോലും മറക്കുന്നു. ആരെയും തിരിച്ചറിയാതാകുന്നു. ഒരു വിവരവും മനസ്സിൽ

പ്രവേശിക്കുന്നില്ല. പ്രവേശിച്ചവ അപ്പോൾ തന്നെ ആവിയാകും. മനസ്സ് അനേകം ദ്വാരങ്ങളുള്ള ഒരു അരിപ്പയായിത്തീരുന്നു. അതിലൊന്നും അവശേഷിക്കുന്നില്ല. മറവി രോഗത്തിന്റെ കാരണം ഇന്നും അജ്ഞാതമാണ്. ബുദ്ധിപരമായി വളരെ സജീവമായി ജീവിതം നയിച്ചുകൊണ്ടിരിക്കവെ വേഗം രോഗം അവരെ കാർന്നു തിന്നാൻ തുടങ്ങുന്നു. ഒരു മരുന്നിനും അതിനെ തടയാൻ കഴിയില്ല. ഒരു കാലത്ത് കുഷ്ഠരോഗത്തിന്റെയും കാൻസറിന്റെയും കഥകൾ പോലെ രാഷ്ട്രീയക്കാരും എഴുത്തുകാരും ഇതര ബുദ്ധി ജീവികളും ഒക്കെ ഈ രോഗത്തിന് ഇരയാകാറുണ്ട്. മനുഷ്യനനുഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം ഇതിന്റെ വിപരീത വശവും കണ്ടുവരാറുണ്ട്. ഒന്നും മറക്കാത്ത അവസ്ഥ. മനസ്സിൽ കടന്നതൊന്നും നഷ്ടപ്പെടുന്നില്ല. ഇതിന് നല്ല വശവുമുണ്ട് ചീത്തവശവുമുണ്ട്. ചീത്ത വശം തുടക്കത്തിലെ തള്ളിക്കളയൂ. നല്ല വശമാണ് ജീവിതത്തിൽ കണ്ടതും കേട്ടതുമായി ഏത് വിഷയവും ആവശ്യത്തിന് ഓർമ്മിച്ചെടുക്കാനുള്ള കഴിവ്. ഇത് തന്നെയാണ് ഏറ്റവും നല്ല കഴിവ്. വളരെക്കുറച്ച് വ്യക്തികൾക്കുമാത്രം സ്വായത്തമായ ഒരു സിദ്ധി, ഇതിനെയാണ് സാധാരണക്കാർ ബുദ്ധിശക്തിയെന്ന് പറയുന്നത്. അത് മുഴുവനും ശരിയല്ല. ഓർമ്മ ശക്തിയെന്ന് പറയുന്നതാവും ഭംഗി. ഓർമ്മ ബുദ്ധിയുടെ ഒരു വശം മാത്രമേ ആകുന്നുള്ളൂ. മസ്തിഷ്ക്ക വ്യായാമത്തിലൂടെ ഓർമ്മ ശക്തി വർദ്ധിപ്പിക്കാൻ കഴിയും. അതിനാൽ ഓർമ്മയും മറവിയും നല്ലതാണ്.

# ഇടയ്ക്ക തൻ നാദം

അഭിരാമി, പേരാമ്പ്ര



ഉറക്കത്തിന്റെ മൃദുലാംഗുലികൾ
പൊയ്മുഖം അഴിക്കുമ്പോൾ
അതീതമാം യാത്ര തൻ നൊമ്പരം
മനസ്സിൽ ചക്രവാളം തുറക്കുന്നു.
അരയാലിൻ വാലിൽ ഞാനുറങ്ങി
ഞാൻ വായിച്ച പുസ്തകതാളുകൾ
പ്രാചീനമാം ഓർമ്മയ്ക്കുണർവേകി
കണ്ടു ഞാൻ യാത്രയിൽ മലയാള തനിമ
വിദേശി തൻ ചുണ്ടിൽ സിഗരറ്റ് തിരയുന്നു
സൂര്യൻ തന്നുടെ പാപം തീർക്കാൻ
പാപനാശിനിയിൽ നിത്യം മുങ്ങുന്നു
അനാഥമാം മലയാളിത്തത്തിൻ
ആത്മാവിന്നും കേഴുകയാണ്
മയിൽപീലികൾ ശോണ ദീപ്തികളായ്
പൊന്നിൻ കൂമ്പാരമാം കൊന്നപൂക്കൾ
തിന്മയ്ക്കുള്ളിലെ രത്ന കണികയെ
ദൃഷ്ടി തൻ സീമ രണ്ടായ് വിഘടിച്ച്
ഇടയ്ക്ക തൻ നാദം കർണ്ണം കരസ്ഥമാക്കി.

# ജ്യോതിഷവും ദോഷപരിഹാരങ്ങളും-6

ബി. കെ. അനിൽ, തിരുവനന്തപുരം

കാലത്തിന്റെ സ്വാധീനം മനുഷ്യനിൽ എല്ലാക്കാലത്തും ഉണ്ടായിരിക്കുന്നു. ആ സ്വാധീനം പ്രത്യക്ഷമാകാം പരോക്ഷമാകാം. മാറി വരുന്ന ഋതുക്കൾ ശരീരത്തിലും മാറ്റങ്ങൾ വരുത്തുന്നത് കാലത്തിന്റെ സ്വാധീനമാണ്. ശരീരത്തെ എന്നപോലെ കാലത്തിന് മനസ്സിനെയും സ്വാധീനിക്കുവാൻ സാധിക്കും. കാലം ശരീരത്തെ സ്വാധീനിച്ചാലും മനസ്സിനെ സ്വാധീനിച്ചാലും അത് നേരിട്ടോ അല്ലാതെയോ നമ്മുടെ പ്രവൃത്തികളെ സ്വാധീനിക്കും. ശരീരത്തിന്റെയും മനസ്സിന്റെയും അവസ്ഥ നമ്മുടെ പ്രവർത്തികൾക്ക് ആധാരമാകും എന്നത് തന്നെയാണ് അതിന് കാരണം. എങ്കിലും നമ്മുടെ എല്ലാ പ്രവൃത്തികൾക്കും അടിസ്ഥാനപരമായി മനസ്സിന്റെ പങ്ക് വളരെ വലുതാണ്.

കാലത്തിന്റെ സ്വാധീനം മനസ്സിന് ചിലപ്പോൾ അനുകൂലമാകുന്നു, ചിലപ്പോൾ പ്രതികൂലമാകുന്നു. കാലം ഒരാളുടെ പ്രവൃത്തികൾക്ക് അനുകൂലമാണോ പ്രതികൂലമാണോ എന്ന സൂചന തരുന്ന ജ്യോതിഷ വിഭാഗമാണ് മുഹൂർത്തം. ഉദാഹരണമായി ഒരു മുഹൂർത്തം, രാത്രിയുടെ അന്ത്യയാമമായ (3 മണിയ്ക്കൂർ ആണ് ഒരു യാമം) ബ്രാഹ്മമുഹൂർത്തം എടുക്കാം. "ബ്രാഹ്മേ മുഹൂർത്തേ ഉത്തിഷ്ഠ സ്വസ്ഥോ രക്ഷാർത്ഥമായുഷഃ" എന്നാണ് ഈ മുഹൂർത്തത്തെക്കുറിച്ച് പറയുന്നത്. ഈ വേളയിൽ ഉണരുന്നതും ധ്യാനിക്കുന്നതും ആയുസ്സിനും ആരോഗ്യത്തിനും. ഗുണകരമായി ഭവിക്കുന്നു. ആ മുഹൂർത്തത്തിന് പ്രാധാന്യം കല്പിക്കുന്നവർ ആ സമയത്തിന്റെ ആനുകൂല്യത്തെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ആ വേളയിൽ ഉണരുകയും ധ്യാനിക്കുകയും ചെയ്യുന്നു, അതിന്റെ നേട്ടം എടുക്കുകയും ചെയ്യുന്നു. അപ്പോൾ മുഹൂർത്തത്തിന് പ്രസക്തിയുണ്ടെന്ന് അർത്ഥം.

മുഹൂർത്തം എന്ന് പറയുമ്പോൾ ശുഭവേള എന്നാണ് പലരും ധരിക്കുന്നത്. പക്ഷെ വാസ്തവത്തിൽ അങ്ങനെയല്ല. ആവർത്തിച്ചു വരുന്ന സമയവിശേഷം എന്നതാണ് മുഹൂർത്തം എന്ന പദം അർത്ഥമാക്കുന്നത്. മുമ്പ് സൂചിപ്പിച്ച ബ്രാഹ്മമുഹൂർത്തം ദിവസവും ആവർത്തിച്ച് വരുന്ന ഒരു സമയവിശേഷമാണ്. ആവർത്തിച്ചുവരുന്ന ഈ സമയവിശേഷങ്ങളിൽ ചിലത് ശുഭവും ചിലത് അശുഭമായും കണക്കാക്കപ്പെടുന്നു. അതായത് മുഹൂർത്തങ്ങളിൽ ചിലത് ശുഭവും ചിലത് അശുഭവുമാണ്. പ്രവൃത്തികൾക്ക് ശുഭകരമായ തുടക്കം കുറിക്കുന്നതിനാണ് മുഹൂർത്തം നോക്കുന്നത്. കാരണം, ഏത് പ്രവർത്തിയുടെയും തുടക്കം നന്നായിരുന്നാൽ അത് പര്യവസാനിക്കുന്നതും നല്ലരീതിയിൽ ആയിരിക്കും എന്ന് മനസ്സിലാക്കുന്നു. അങ്ങനെ കണക്കാക്കിയാൽ, ഈ തത്ത്വം സ്വീകാര്യമായി തോന്നും. തുടങ്ങുന്ന വേളയ്ക്ക് മാത്രമല്ല എന്നാൽ അതികൂടി പ്രാധാന്യം ഉണ്ട് എന്ന് കണക്കാക്കുന്നതിൽ തെറ്റില്ല. അതിനാലാണ് ആദ്യ സങ്കല്പം മുതൽ, ആദ്യ ഭക്ഷണം, ആദ്യ നിമിത്തം, ആദ്യ ശകുനം തുടങ്ങി ആദ്യത്തെ കാര്യങ്ങൾക്ക് പണ്ടു മുതൽ പ്രാധാന്യം കല്പിക്കപ്പെടുന്നത്. ഉറക്കമുണർന്നയുടൻ ശ്രേഷ്ഠ സങ്കല്പങ്ങൾകൊണ്ട് മനസ്സിനെ ഉത്കൃഷ്ടമായ അവസ്ഥയിൽ സ്ഥിതി ചെയ്യിക്കുകയാണെങ്കിൽ, അതിന്റെ സ്വാധീനം അന്നത്തെ ദിവസത്തെ നമ്മുടെ ചിന്തയിലും വാക്കിലും പ്രവർത്തിയിലും പ്രതിഫലിക്കുന്നത്. അനേകർ ഇതിന്റെ അനുഭവസ്ഥരുമാണ്.

മനുഷ്യന്റെ ജീവിതത്തിലെ ദൈനംദിനം കർമ്മങ്ങൾ മുതൽ എല്ലാ ആചാര-രീതികൾക്കും അനുയോജ്യമായതും അല്ലാത്തതുമായ മുഹൂർത്തങ്ങൾ വർണ്ണിക്കുന്ന ജ്യോതിഷഗ്രന്ഥങ്ങൾ ഉണ്ട്. മുഹൂർത്തപദവി, മാധവീയം തുടങ്ങിയ ഗ്രന്ഥങ്ങൾ മുഹൂർത്ത വിഷയത്തെ സമഗ്രമായി പ്രതിപാദിക്കുന്നു. ഇവയിൽ അനേകാനേകം ശുഭാശുഭ മുഹൂർത്തങ്ങൾ പറയുന്നു. എന്നാൽ ഇവയോരോന്നും പ്രായോഗികമാണോ എന്ന് ചിന്തിച്ചാൽ അല്ല എന്ന് പറയേണ്ടി വരും. അതിനാൽ പലരും മറ്റ് മുഹൂർത്തങ്ങളെല്ലാം അവഗണിക്കുകയും വിവാഹം, ഗൃഹപ്രവേശം, തുടങ്ങി പ്രധാനപ്പെട്ട കാര്യങ്ങൾക്ക് മാത്രം മുഹൂർത്തം നോക്കുകയുമാണ് പതിവ്. ഒരു മംഗള

കർമ്മം നടത്തുന്നതിന് ദോഷങ്ങൾ ഇല്ലാത്ത ഒരു സമയം തെരഞ്ഞെടുക്കുന്നതിനു വേണ്ടിയാണ് മുഹൂർത്തം നോക്കുന്നത്. അതിൽ ദോഷയുക്തമായ ചില മുഹൂർത്തങ്ങളെ ഒഴിവാക്കുന്നു. എന്നാൽ പൂർണ്ണമായും ദോഷമുക്തമായ മുഹൂർത്തങ്ങൾ ഇല്ല എന്ന് ജ്യോതിഷപണ്ഡിതർ തന്നെ പറയുന്നു. ദോഷയുക്തവും ഗുണയുക്തവുമായ മുഹൂർത്തങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നതല്ലാതെ എവിടെയും സാരവത്തായ ഒരു അടിസ്ഥാനം പലതിലും കാണുന്നില്ല എന്നും അവർ പറയുന്നു. മാത്രമല്ല, ഇന്നത്തെ ഫാസ്റ്റ് ലൈഫ് നോക്കുമ്പോൾ എല്ലാ കാര്യങ്ങൾക്കും ശുഭമുഹൂർത്തങ്ങളെ കാത്തിരിക്കുന്നത് അപ്രായോഗികമാകും. മുഹൂർത്തം നോക്കി നിഷ്ക്രിയരായിരിക്കാൻ തയ്യാറുമല്ല എന്നതാണ് പലരുടെയും വാദം. ശരിയാണ്, അസുഖം ബാധിച്ച് അത്യാസന്ന നിലയിൽ ആയ ഒരാളെ ഹോസ്പിറ്റലിൽ കൊണ്ടു പോകാൻ ശുഭമുഹൂർത്തം കാത്തിരുന്നാൽ അതിന്റെ ഫലം ചിന്തിക്കാവുന്നതേയുള്ളൂ. മറിച്ച്, ആ സ്ഥാനത്ത് മുഹൂർത്തം ചിന്തിക്കുന്നതിനു പകരം ഈശ്വരനെ ഓർമ്മിക്കുകയും ഈശ്വരനെ പ്രാർത്ഥിക്കുകയുമല്ലേ ചെയ്യുന്നത്. കാല-ദേശങ്ങൾക്ക് അതീതനായ ഈശ്വരന്റെ സ്മൃതിയെ സർവ്വദോഷപരിഹാരത്തിനുള്ള ഉപാധിയായി കരുതി സത്ഫലങ്ങൾ പ്രാപ്തമാക്കിയതിന്റെ അനുഭവങ്ങൾ അനേകർക്കുണ്ട് എന്നതും നമ്മൾ വിസ്മരിച്ചുകൂട.

മുഹൂർത്ത സംബന്ധമായ വിഷയങ്ങളിൽ പല ഗ്രന്ഥകർത്താക്കളുടെയും അഭിപ്രായങ്ങൾ തമ്മിൽ വൈരുദ്ധ്യവും പൊരുത്തക്കേടുകളും ഉള്ളതായി ഇതിനെക്കുറിച്ച് ഗഹനമായി ഒരു അന്വേഷണം നടത്തിയാൽ മനസ്സിലാകും. വിശ്വാസങ്ങൾ വ്യത്യസ്തങ്ങളാണ്. തമിഴ്നാട്ടിലെ വിശ്വാസമല്ല കേരളത്തിലേത്. എന്താണ് അതിന്റെ അടിസ്ഥാനം എന്ന് ചോദിച്ചാൽ ഉത്തരമില്ല. നമുക്ക് ആദ്യം വേണ്ടത് മുഹൂർത്ത സംബന്ധമായ കാര്യങ്ങളിലെ ആവശ്യമില്ലാത്ത ഭയം മാറ്റുക എന്നതാണ്. കാരണം മുഹൂർത്തം മാത്രമല്ല ഒരു കാര്യത്തിന്റെ ശുഭാശുഭങ്ങളെ നിർണ്ണയിക്കുന്ന ഘടകം. മറ്റെല്ലാം കാര്യങ്ങളും ഒത്തുവരണം അല്ലാതെ നമുക്ക് ശുഭഫലം പ്രതീക്ഷിക്കുവാൻ കഴിയുമോ?

ഒരു ചെറിയ ഉദാഹരണം പറയുകയാണെങ്കിൽ, രാഹുകാലത്തിന്റെ കാര്യം തന്നെ എടുക്കാം. മുമ്പ് യാത്രയ്ക്ക് വർജ്ജ്യമായ ഒരു കാലമായാണ് വാസ്തവത്തിൽ കണക്കാക്കിയിരുന്നത് എന്നാൽ മെല്ലെ അത് ശുഭമായ എല്ലാ കാര്യങ്ങളെയും കീഴടക്കിക്കളഞ്ഞു. ശുഭകരമായ എല്ലാ കാര്യങ്ങളും രാഹുകാലത്തിൽ വർജ്ജിക്കണം എന്നായി. രാഹുകാലം എന്ന ആശയം ഉദിച്ചതുതന്നെ തമിഴ്നാട്ടിൽ നിന്നുമായിരിക്കാം എന്നും ചിലർ അഭിപ്രായപ്പെടുന്നു. ഉദയം മുതൽ അസ്തമയം വരെയുള്ള കാലത്തെ 8 ആയി വിഭജിക്കുകയും അതിലെ ഓരോ ഭാഗത്തിനും ഓരോ അധിപന്മാരെ കല്പിക്കുകയും ചെയ്തു. 7 ഭാഗങ്ങൾക്ക് 7 അധിപന്മാരും 8-ാമത്തെ ഭാഗം അധിപൻ ഇല്ലാത്തതുമായിരുന്നു. ഈ 8-ാമത്തെ ഭാഗം പിന്നീട് രാഹു കൈയ്യടക്കിയതാണ്. അങ്ങനെ രാഹുവിന്റെ ആധിപത്യം വരുന്ന 1.5 മണിക്കൂർ സമയം രാഹുകാലമായി. എന്തിലും ഏതിലും രാഹുകാലം നോക്കുന്ന സമ്പ്രദായം ഇന്ന് കേരളത്തിലുണ്ട്. എന്നാൽ പല സംസ്ഥാനങ്ങളിലും ഇത് പരിഗണിക്കാറില്ല. അവർക്ക് രാഹുകാലം ബാധകമല്ലേ എന്ന് ചോദിച്ചാൽ അതിന് ഉത്തരമില്ല. തുടക്കത്തിൽ രാഹുകാലം വാസ്വത്തിൽ യാത്രയുടെ ആരംഭവുമായി ബന്ധപ്പെടുത്തിയുള്ള ഒരു സമയവിശേഷം മാത്രമായിരുന്നു. പിന്നീട് മിക്കാവാറും ആദ്യമായി തുടങ്ങുന്ന എല്ലാ ശുഭകാര്യത്തിനും ഒഴിവാക്കേണ്ട ഒന്നായി മാറിയതാണ്. ദൈനംദിനം കർമ്മങ്ങൾക്ക് വേണ്ടി പറയുന്ന പല മുഹൂർത്തങ്ങൾക്കും അടിസ്ഥാനപരമായി ന്യായീകരണമോ വിശദീകരണമോ നൽകുവാൻ കഴിയുന്നില്ലെങ്കിൽ, അനുഭവവുമായി യോജിച്ച് വരുന്നില്ലെങ്കിൽ, അങ്ങനെയുള്ള വിശ്വാസങ്ങളെ ജീവിതത്തിൽ നിന്നും ഒഴിവാക്കുന്നതാണ് നല്ലത്.

മുഹൂർത്ത സംബന്ധമായ വിഷയത്തിൽ പ്രമാണമായി കരുതുന്നത് ഗ്രന്ഥങ്ങളിലെ ചില ശ്ലോകങ്ങളാണ്. ഒരു കാര്യം സത്യമാണെങ്കിൽ അത് ഒരാൾക്ക് അനുഭവപ്പെട്ടാൽ പോര, എല്ലാവർക്കും അനുഭവത്തിൽ വരണം. അതിനാൽ ഏതൊരു കാര്യം ചെയ്യുമ്പോഴും അതിന് അനുയോജ്യമായ ഘടകങ്ങൾക്ക് മുഖ്യത്വം നൽകുകയും അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെടാതെ യഥോചിതം കാലത്തിന്റെ ആനുകൂല്യത്തെ ഉപയോഗപ്പെടുത്തുകയും ചെയ്യുമ്പോൾ ആ കാര്യം സഫലീകൃതമാകുന്നു.

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

# ജാതിയും മതവും

ഇന്ന് ലോകത്തിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട വിധത്തിൽ മാറിയിരിക്കുകയാണ്, ജാതിയും മതവും. യഥാർത്ഥത്തിൽ ജാതിയെന്താണ് മതമെന്താണ് എന്നതിന്റെ വ്യക്തത അധികമാർക്കുമറിയില്ല. മാത്രമല്ല ജാതിയുടേയും മതത്തിന്റേയും തെറ്റായ വിവർത്തനത്തിലൂടെ മനുഷ്യർ എത്രയധികം അധ:പ്പതിച്ചിരിക്കുന്നു. മൃഗങ്ങളേക്കാളും മോശമായ രീതിയിൽ കടിപിടി കൂടുന്നു. ലോകത്തെ മൊത്തം നശിപ്പിക്കുന്ന വിധത്തിൽ അത് ആളിപ്പടർന്ന് കിരാത നൃത്തം ചെയ്യുന്നു. അതു കൊണ്ടു തന്നെ ഒരു വിഭാഗം ജനങ്ങൾ ജാതിയും മതവുമില്ലാത്ത ഒരു സ്വതന്ത്രരാജ്യത്തിനുവേണ്ടി ആഗ്രഹിക്കുന്നു. മറ്റൊരു കൂട്ടർ ജാതിയുടെയും മതത്തിന്റെയും നീരാളിപ്പിടുത്തത്തിൽ അമർന്നു ജീവിക്കാനും വ്യഗ്രതപ്പെടുന്നു. ഇത് രണ്ടിന്റേയും നടുവിൽ ജാതിയുടെയും മതത്തിന്റേയും വ്യക്തമായ ഉദ്ദേശ്യം വഴിമാറി നില്ക്കുകയാണ് ചെയ്യുന്നത്.

യഥാർത്ഥത്തിൽ ജാതിയും മതവുമെന്നാൽ എന്താണ് അർത്ഥമാക്കേണ്ടത്. അത് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയാണോ, തിന്മയ്ക്കുവേണ്ടിയാണോ? അതേക്കുറിച്ചുള്ള ഒരു ചെറിയ അവലോകനം മാത്രമാണിത്. സത്യത്തിൽ ജാതിയെന്നാൽ നമ്മളെ തിരിച്ചറിയുന്നതിനുള്ള ഒരു ഐഡന്റിറ്റി കാർഡ് മാത്രമാണ്. അതായത് നമ്മൾ ആരാണ്, നമ്മുടെ കുലമേതാണ്, നമ്മൾ ഏതു തൊഴിൽ ചെയ്താണ് ജീവിക്കുന്നത്. നമ്മൾ എവിടെ നിന്നു വന്നു. എവിടേക്കുപോകുന്നു. എവിടെ തങ്ങുന്നു. ഈ അന്വേഷണത്തിലാണ് ജാതി ചിന്ത ഉത്ഭവിക്കുന്നത്. എന്നാൽ ഈ സത്യമറിയാതെ ഇവിടെ ബ്രാഹ്മണനും നായരും ഈഴവനും ആശാരിയും പുലയനും കുറവനും. മറ്റു വിഭിന്നജാതിയിൽപ്പെട്ടവരെന്ന് വിളിക്കുന്നവരും തമ്മിൽ കടിപിടി കൂടി തമ്മിലടിച്ച് മരിക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിലുള്ള ജാതിയെ അന്വേഷിക്കുന്നുമില്ല, അറിയുന്നുമില്ല. അതായത് നമ്മുടെ യഥാർത്ഥസ്വത്വത്തെ തിരിച്ചറിയുന്ന ഉത്തമമായ അന്വേഷണമാണ് ജാതി ചിന്ത എന്ന് മനസ്സിലാക്കുന്നില്ല. അതുകൊണ്ടു തന്നെ ജാതിയെന്നാൽ നമ്മളെല്ലാം ഒരു കുലത്തിൽപ്പെട്ടതാണെന്നും ഒരീശ്വരന്റെ മക്കളാണെന്നും, ഒരിടത്ത് നിന്ന് വന്നതാണെന്നും അവിടേക്ക് തന്നെ തിരിച്ചു പോകുന്നവരാണെന്നുമുള്ള ചിന്തയേയാണ് ജാതികൊണ്ട് അർത്ഥമാക്കേണ്ടത്. അവിടെയാണ് നമ്മളെല്ലാം ആത്മാവാണെന്നും ആത്മാവ് പുരുഷനാണെന്നും, ആത്മാവിന്റെയെല്ലാം അച്ഛൻ പരമാത്മാവാണെന്നും (ഈശ്വരൻ) ഉള്ള ബോധം ഉറപ്പാക്കുന്നത്. ഈ അർത്ഥത്തിലാണ് നമ്മൾ ജാതിയെ തിരിച്ചറിയേണ്ടത് ഇനി മതമെന്താണെന്നു നോക്കാം മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന് ശ്രീ നാരായണഗുരുവും പറയുന്നു. അപ്പോൾ മതത്തിന്റെ പ്രസക്തി ഹിന്ദുവിലും, മുസ്ലീമിലും ക്രിസ്ത്യാനിയിലുമല്ല നില നില്ക്കുന്നത്. അത് മാനവരാശിക്കു മൊത്തം അവകാശപ്പെട്ട അഭിപ്രായമാണ്. അതാണ് ശ്രീമതം മഹത്തായ അഭിപ്രായം (ഈശ്വരമതം) ഇതാണ് നമ്മൾ മതത്തിലൂടെ യാഥാർത്ഥ്യമാക്കേണ്ടത്. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും പാഴ്സിയും യഹൂദനും എല്ലാം ഒരേ ഒരീശ്വരന്റെ സന്താനമാണ് നമ്മൾ ഏകോദരസഹോദരങ്ങളാണ്. ആകാശവും, ഭൂമിയും, വായുവും, ജലവും, അഗ്നിയും, നമുക്കെല്ലാം ഒരുപോലെ അവകാശപ്പെട്ടതാണ്. അതാർക്കും വേർതിരിക്കാനാവില്ല. വേർതിരിക്കപ്പെടാൻ പാടില്ലതാനും ഇതാണ് മതം. ഈ സിദ്ധാന്തമാണ് ജാതിയുടേയും മതത്തിന്റെയും പേരിൽ നമ്മൾ വ്യാപകമാക്കേണ്ടത് വിശാലമായ കാഴ്ചപ്പാടിലൂടെ ലോകത്തേ നോക്കൂ. ഈ ലോകം നമുക്കുവേണ്ടി എന്തെല്ലാമാണ് തന്നിരിക്കുന്നത് അതിനെ വേണ്ടുവോളം അനുഭവിക്കൂ, ആസ്വദിക്കൂ. ഉപയോഗിക്കൂ എന്നാൽ ഇതൊന്നും നമ്മൾ ഉണ്ടാക്കിയതല്ലല്ലോ അതുകൊണ്ടുതന്നെ ആ സൃഷ്ടാവിനേയും ഒന്ന് ഓർത്തിരിക്കൂ. ഇതു തന്നെയാണ് മതത്തിന്റെ പേരിലും നമുക്കു കാഴ്ചപ്പാടുണ്ടാകേണ്ടത്.



# ആത്മ ബോധം

(അവനവനെ തിരിച്ചറിയൽ)

സുനിത, പാലക്കാട്

അനന്തൻ വിഷമിച്ചിരിക്കുകയായിരുന്നു. അവന്റെ ചിന്തകൾക്ക് ഭാരമേറിയിരുന്നു. കുറെ മാസങ്ങളായി ഇടതടവില്ലാതെ അവളുടെ ആകർഷണ വലയത്തിലവൻ വീണു കഴിഞ്ഞു. അവളുടെ രൂപം, പെരുമാറ്റം, സ്വരം, മനസ്സ് എല്ലാം മധുരം. ഈ വിചാരത്തെ ശക്തിപ്പെടുത്തുന്ന ഏതോ വികാരം, അസാധാരണമായ ഉത്സാഹമവനുണ്ടായി.

അങ്ങനെ ആഴ്ചകൾ കഴിഞ്ഞപ്പോൾ അവളെ ഓർക്കാതെ തനിക്ക് നിലനില്പില്ലെന്നായി, അവളെക്കുറിച്ച് ദിവാസ്വപ്നം കണ്ടു തുടങ്ങി. അവൻ റൊമാന്റിക്കായി. മനസ്സിന് വല്ലാത്തൊരു സുഖം. അവൾക്കും അപ്രകാരമായിരിക്കുമെന്നവൻ കരുതി. തമ്മിൽ മനസ്സ് തുറക്കുന്ന ആ നിമിഷത്തിനായി അവൻ കാത്തിരുന്നു. ഈ ദിവസങ്ങളിലെല്ലാം അവൻ വളരെ ആസ്വദിച്ചു കഴിഞ്ഞുകൂടി.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി അവൻമനസ്സിലാക്കി–അവളെക്കുറിച്ചുള്ള കല്പനകളും, വളരെ സ്പെഷ്യൽ ആണെന്നതും – എല്ലാം തെറ്റായിരുന്നുവെന്ന്. അതവന് വിശ്വസിക്കാനായില്ല. ചിന്തകളുടെ ചില്ലുകൊട്ടാരം തകർന്നു. തീവ്ര വികാരങ്ങൾ ശക്തമായി അടിച്ചുകയറി അവന്റെ ഹൃദയം വിങ്ങി. അവൻ പൊട്ടിക്കരയാൻ തുടങ്ങി. തെളിഞ്ഞ പ്രഭാതത്തിൽ തുടങ്ങിയ അവന്റെ ഒരു ദിനം രാത്രിയുടെ ഇരുട്ടിലേയ്ക്ക് എത്തിപ്പെട്ടു.

എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ അവളെക്കുറിച്ച് മറ്റു ചിലത് അറിയാൻ കഴിഞ്ഞു. അത് ശുഭ വാർത്തയായിരുന്നു. കുറച്ചുമുമ്പ് താൻ വിചാരിച്ചത്, കേട്ടത് മുഴുവനും ശരിയല്ലായിരുന്നു. 75 ശതമാനം മാത്രമായിരുന്നു ശരി. പെട്ടെന്ന് രാത്രി ഇരുട്ടി വെളുത്തതുപോലെ തോന്നിയവന്. വീണ്ടുമവൻ പ്രസന്നവദനനായി, അവളെയോർത്ത് ഒരു പുഞ്ചിരി അവന്റെ ചുണ്ടിൽ വിരിഞ്ഞു. ഇതാണ് പ്രേമം.

ഈ കഥയിൽ പല മാറ്റങ്ങളും വരുത്താം. എന്നാൽ നമ്മൾ മനസ്സിലാക്കേണ്ട, ഇതിലെ പ്രധാന കാര്യം – ഒരാൾ എങ്ങനെ മറ്റൊരാളെ മാനസികമായി ആശ്രയിക്കുന്നു എന്നുള്ളതാണ്. നാം നമ്മുടെ സന്തോഷം മറ്റൊരാളുടെ കയ്യിലേല്പിച്ചിരിക്കുകയാണ്. ആ വ്യക്തിയാണ് നമ്മുടെ സന്തോഷത്തെ നിയന്ത്രിക്കുന്നത്. നമ്മുടെ സന്തോഷം മറ്റൊരാളെ, ഒരു വസ്തുവിനെ ആശ്രയിച്ചാണ് ഇരിക്കുന്നതെങ്കിൽ അത് ആടിയുലഞ്ഞും, കയറിയും ഇറങ്ങിയും ഇരിക്കും. വികാരപരമായ പരാശ്രയത്വം എന്തെന്നാൽ നമ്മൾ ഉയർന്ന മറ്റെന്തിനോ വേണ്ടി വിലപിക്കുകയാണ്. നമ്മുടെ മനസ്സിലെ ചിന്തകൾ നമ്മുടെ മാനസ്സികാവസ്ഥയെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുമ്പോൾ നാം വികാരങ്ങളുടെ വേലിയേറ്റത്തിൽ എപ്പോഴും ആടിയുലഞ്ഞു കൊണ്ടിരിക്കും. മനസ്സിന് സുസ്ഥിരത ഉണ്ടാവില്ല.

പിറ്റേന്ന് –

അനന്തൻ പാർക്കിൽ പോയിരുന്നു. തടാകത്തിലെ ജലത്തിന് മുകളിൽ സൂര്യൻ ഉദിച്ചുയരുകയാണ്. ചിന്തകളും വികാരങ്ങളും അലകൾ പോലെയാണെന്ന് അവൻ അറിഞ്ഞു. മനസ്സിലെ വികാരങ്ങളും തടാകത്തിലെ അലകളും വർദ്ധിച്ചു വന്നു. അലകൾ കൂടുമ്പോൾ ജലത്തിൽ നമ്മുടെ പ്രതിബിംബം കാണുകയില്ല. ഹൃദയത്തിൽ വികാരങ്ങൾ അലതല്ലുമ്പോൾ നമുക്ക് നമ്മെ തിരിച്ചറിയുകയില്ല. അറിഞ്ഞാലും അത് ദയനീയമായ ഒരു ചിത്രമായിരിക്കും, കാണാൻ സുഖമുള്ള ഒരു രൂപമായിരിക്കില്ല. എല്ലാം മനസ്സിലെ വിശ്വാസ

ത്തിന്റെ പ്രശ്നമാണ്. ഒരു നിമിഷത്തേയ്ക്ക് ഒരു ചിന്തയുമില്ലാതെ അനന്തൻ സൂര്യപ്രകാശത്തിൽ തുള്ളിക്കളിക്കുന്ന ഓളങ്ങളെ നോക്കിയിരുന്നു. അപ്പോൾ അവന്റെയുള്ളിൽ ഏതോ സൗന്ദര്യം, ഏതോ ആന്തരിക ശക്തി നിറയുന്നതായി അവനറിഞ്ഞു. ആ ശക്തി തടാകത്തെയും സൂര്യനെയും അനന്തനെയും ഒന്നിൽ ലയിപ്പിച്ച് ഭേദഭാവം ഇല്ലാതാക്കി.

ആ ശക്തി ആത്മബോധമല്ലാതെ മറ്റൊന്നല്ല. ഇതറിഞ്ഞപ്പോൾ അനന്തന് തന്റെ ചിന്തകൾ വെറും നിരർത്ഥക ചിത്രങ്ങൾ കോർത്ത നൂൽ മാത്രമാണെന്ന് തോന്നി. ആത്മബോധമുണ്ടാകുമ്പോൾ ഒരു വ്യക്തിയെ ചിന്തകൾ അലട്ടുകയില്ല. ആത്മബോധം വർദ്ധിക്കുന്തോറും അർത്ഥമില്ലാത്ത ചിന്തകൾ കുറഞ്ഞു കുറഞ്ഞു വരും.

ഇതാദ്യമായി അനന്തന് മനസ്സിൽ സ്വച്ഛത അനുഭവപ്പെട്ടു. സ്വച്ഛത നല്ലതാണ്. ആ പ്രശാന്തതയിൽ മനസ്സിലെ അലകൾ അടങ്ങും. മനോവേദനകൾ ഇല്ലാതാകും. തന്റെ ചിന്തകൾ യഥാർത്ഥമായിരുന്നില്ലെന്ന് അനന്തൻ തിരിച്ചറിഞ്ഞു. മറ്റൊരാളുടെ കൂട്ടിനും സാമീപ്യത്തിനും കൊതിച്ച് ദിവാസ്വപ്നം കാണാൻ മനസ്സിനെ അനുവദിക്കരുതായിരുന്നു. അതാണ് പ്രശ്നങ്ങൾക്ക് വഴി വെച്ചത്.

തിരിച്ചറിവുണ്ടായാൽ പരിഹാരമുണ്ട്.

അറിയുക – മനസ്സ് സ്വച്ഛവും നിർമ്മലവുമായാൽ അതിനെ ചിലർ ശാന്തി എന്നും മറ്റു ചിലർ ദൈവം എന്നും വേറെ ചിലർ ആത്മാവ് എന്നും വിളിക്കും. അതില്ലാതെ ആത്മസംതൃപ്തിക്ക് സാധ്യതയില്ല. അപ്പോഴാണ് നമുക്ക് നമ്മുടെ സന്തോഷത്തിനായി മറ്റു വ്യക്തികളെയോ വസ്തുക്കളെയോ ആശ്രയിക്കേണ്ടി വരുന്നത്.

ശാന്തിയുടെ ഈ അനുഭവം സ്ഥിരത ഉള്ളതായിരിക്കണം. അതിനെ മറികടക്കാൻ മറ്റൊന്നിനും ആവരുത്. മറ്റുള്ളതെല്ലാം ബാഹ്യ പ്രേരണകൾ മാത്രമാണ്. അനുബന്ധങ്ങൾ മാത്രം. ശാന്തിക്കായാണ് നമ്മുടെ ശ്രമം.

**ജ്ഞാനി ആത്മാവ് അവരാണ് ആരാണോ പ്രശ്നങ്ങൾ അനുഭവിക്കുന്നതിന് മുമ്പ് തിരിച്ചറിഞ്ഞ് സ്വയം രക്ഷപ്പെടുന്നത്.**





# ഏന്തുകൊണ്ട് എനിക്ക് മാത്രം...?

പ്രതിഭാ നായർ, മൗണ്ട് ആബു

ദുഃഖങ്ങളുടെ വേലിയേററം നമ്മുടെ ജീവിതത്തിൽ എത്തുമ്പോൾ നാം അറിയാതെ ചോദിച്ചു പോകുന്ന ചോദ്യമാണിത്. ഒരിക്കൽ എങ്കിലും ഈ ചോദ്യം ചോദിക്കാത്തവർ വിരളം. ജീവിതം എന്ന വലിയ പ്രഹേളികയെ അഭിമുഖീകരിച്ച് വിജയിച്ചവർ ഏറെ. പരാജയപ്പെട്ടവർ അതിലേറെ. വിജയത്തിന്റെ പാതയിലേയ്ക്ക് നടന്നടുക്കുവാൻ നമുക്ക് സഹായകമാകുന്ന വിജയിച്ചവരുടെ കഥകൾ എന്നും പ്രചോദനപ്രദമാണ്. ഇതാ, ഒരു വിജയിയുടെ കാഴ്ചപ്പാട്...

പ്രസിദ്ധ ടെന്നീസ് കളിക്കാരൻ ആർഥർ ആഷെ. 3 ഗ്രാൻഡ് സ്ലാം നേടിയ അമേരിക്കയുടെ ഏററവും മികച്ച കളിക്കാരിൽ ഒരാളായിരുന്ന ആർഥർ. വർഷം 1983... ആർഥർ ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്നു. ശസ്ത്രക്രിയാ വേളയിൽ നൽകിയ രക്തത്തിൽ നിന്നും അദ്ദേഹം എയിഡ്സ് ബാധിതനായി. രോഗം മൂർച്ഛിച്ച് മരണക്കിടക്കയിൽ കിടക്കുന്ന ആർഥർക്ക് ശുഭാശംസകൾ നേർന്നു കൊണ്ടുള്ള ആരാധകരുടെ കത്തുകളുടെ പ്രവാഹമായിരുന്നു. അതിൽ ഒരു കത്ത് ഇപ്രകാരമായിരുന്നു.

"എന്തുകൊണ്ട് താങ്കൾക്ക് മാത്രം ഇത്തരം ഒരു രോഗം ദൈവം നൽകി?"
തന്റെ മരണക്കിടക്കയിൽ കിടന്നു കൊണ്ട് ആർഥർ കത്തിന് മറുപടി എഴുതി.
"ലോകം മുഴുവൻ –
500 ലക്ഷം കുട്ടികൾ ടെന്നീസ് കളി പഠിക്കുവാൻ ശ്രമിക്കുന്നു.
50 ലക്ഷം പേർ ടെന്നീസ് കളി പഠിക്കുന്നു.
5 ലക്ഷം പ്രൊഫഷണൽ ടെന്നീസ് പഠിക്കുന്നു.
50,000 പേർ പ്രൊഫഷണൽ കളിക്കളത്തിലെത്തുന്നു.
5000 പേർ ഗ്രാൺഡ് സ്ലാം വരെ എത്തുന്നു.
50 പേർ വിമ്പിൾഡണിൽ എത്തുന്നു.
അതിൽ,
4 പേർ സെമിഫൈനലിൽ എത്തുന്നു.
2 പേർ ഫൈനലിൽ എത്തുന്നു.
വിമ്പിൾഡണിൽ വിജയിയുടെ കപ്പുയർത്തി നിന്ന നിമിഷത്തിൽ
ഞാൻ ഒരിക്കലും ദൈവത്തോടു ചോദിച്ചില്ല,
"എന്തുകൊണ്ട് എനിക്ക് മാത്രം...? "
അതിനാൽ, ഇന്ന് ഈ വേദനയ്ക്കിടയിൽ,
"എന്തുകൊണ്ട് എനിക്ക് മാത്രം...?"
എന്ന് ഞാൻ ദൈവത്തോട് ചോദിക്കുവാൻ പാടില്ല.

# അന്നം പ്രസാദമാകുമ്പോൾ

അശ്വിൻ കുട്ടോത്ത്, കോഴിക്കോട്

ആഹാരവും ആദ്ധ്യാത്മികതയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കേവലം സസ്യാഹാരം മാത്രം കഴിക്കുന്നത് കൊണ്ട് സാത്വിക ആഹാരം കഴിക്കുന്നു എന്ന് പറയാൻ സാധിക്കില്ല. ഭക്ഷണം സസ്യാഹാരത്തിന് ഉപരി അത് ഈശ്വരീയ പ്രസാദമാകുമ്പോൾ മാത്രമേ ആഹാരം സാത്വികമായി തീർന്ന് നമ്മുടെ ആദ്ധ്യാത്മിക വികാസത്തിന് ഉതകുകയുള്ളൂ. ശരീരവും ശരീര സംബന്ധവുമായ എല്ലാം മറക്കാൻ ആദ്ധ്യാത്മികത നമ്മെ പഠിപ്പിക്കുന്നു. പിന്നെയെങ്ങനെയാണ് ശരീരത്തിന്റെ പോഷണത്തിന് മാത്രം സഹായിക്കുന്ന ആഹാരം സാധനയുടെ മുന്നേററത്തിൽ നമ്മെ സഹായിക്കുന്നത്. ഇവിടെയാണ് ഈശ്വരീയ സ്മൃതിയിലൂടെ ആഹാരത്തെ നാം ഈശ്വരീയ പ്രസാദമാക്കി മാറേറണ്ടത്. വിധിപൂർവ്വം ഭോഗ് (നിവേദിക്കുക) അർപ്പിച്ചാൽ മാത്രമേ അത് പ്രസാദമാകുന്നുള്ളൂ. അങ്ങനെയുണ്ടാക്കിയ പ്രസാദം ഈശ്വരന്റെ സ്മൃതി നിലനിർത്തികൊണ്ട് കഴിക്കുമ്പോൾ ആഹാരത്തിലെ ഭൗതിക പോഷണങ്ങൾ ശരീരം സ്വീകരിക്കുകയും പ്രസാദ ഭാവനയിൽ നിന്നും വന്ന സൂക്ഷ്മ ചൈതന്യ ഊർജ്ജം ആത്മാവിലെ ബുദ്ധി എന്ന കഴിവ് സ്വീകരിക്കുകയും ചെയ്യുന്നു. വിധി പൂർവ്വം കഴിക്കാത്ത ഏതൊരു ഭോജനവും ബുദ്ധിക്ക് ഉപകാരമാകുന്നില്ല എന്ന് ഇതിൽ നിന്നും സ്പഷ്ടമാകുന്നു. തെളിമയാർന്ന ബുദ്ധിയുണ്ടെങ്കിൽ മാത്രമേ സാധനാ മാർഗ്ഗത്തിൽ നിർവിഘ്നം മുന്നോട്ട് പോകാൻ സാധിക്കൂ. ബുദ്ധിയെ സ്വാധീനിക്കുന്ന ഏററവും പ്രധാന ഘടകം അന്നശുദ്ധി തന്നെയാണ്. മററു വിഷയങ്ങൾ സ്വാധീനിക്കുമെങ്കിലും അതിന് കാലതാമസമെടുക്കും. എന്നാൽ ആഹാരം വളരെ പെട്ടെന്ന് തന്നെ അതിന്റെ പ്രഭാവം ചെലുത്തുന്നു.

ഏത് ആഹാരം കഴിക്കണം, എങ്ങനെ ആഹാരം കഴിക്കണം എന്നതിന് പകരം എന്തിന് ആഹാരം കഴിക്കണം എന്ന് ചിന്തിക്കണം. ഗീതയിൽ "അഹം വൈശ്വാനരാ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതേ" എന്ന് തുടങ്ങുന്ന ഒരു ശ്ലോകമുണ്ട്. ശരീരം പഞ്ചഭൂത നിർമ്മിതമാണ് ഇതിൽ അഗ്നി എന്ന തത്വത്തിലേക്ക് ആഹാരത്തെ സമർപ്പിക്കുക എന്നതാണ് പ്രസ്തുത ശ്ലോകത്തിന്റെ താല്പര്യം. വാസ്തവത്തിൽ ശരീരത്തിലെ ആത്മാവ് എന്ന അഗ്നിയിലേക്കാണ് ആഹാരത്തെ സമർപ്പിക്കേണ്ടത്. അഗ്നിയിൽ സമർപ്പിക്കപ്പെടുന്ന എന്തും ശുദ്ധീകരിക്കപ്പെടുന്നു. ആത്മാ എന്ന അഗ്നിയിലേക്കാണ് ഭോജനത്തെ അർപ്പിക്കുന്നത് എന്ന ഉറച്ച നിശ്ചയത്തിലൂടെയാണ് ഭോജനം കഴിക്കുന്നതെങ്കിൽ അത് ആഹാരത്തിലെ നേരിയ അശുദ്ധിയെ പോലും ഭസ്മീകരിച്ച് ആരോഗ്യത്തിനും ആത്മവികാസത്തിനും ഉത്തമ ഔഷധമായി തീരുന്നു.





1. ഡോ. അംബേദ്കറുടെ 124–ാം ജന്മദിനത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ 40 വർഷത്തെ സമർപ്പിത സാമൂഹ്യ സേവനത്തിന് ഡോ. അംബേദ്കർ സാധു ജന സൊസൈററിയുടെ ചെയർ പേഴ്സൻ അഡ്വ.ടി.ആർ. ബാലകൃഷ്ണൻ രാജയോഗിനി ബി..കെ. രാധ, കൊച്ചിയെ പൊന്നട അണിയിച്ച് ആദരിക്കുന്നു.

2. ഡോ. അംബേദ്കറുടെ 124–ാം ജന്മദിനത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയിൽ നിന്നും രാജയോഗിനി ബി.കെ. മിന്നി, തിരുവനന്തപുരം ഡോ. അംബേദ്കർ അത്യുന്നത രാഷ്ട്രീയ ശ്രേഷ്ഠതാ പുരസ്കാരം 2015 സ്വീകരിക്കുന്നു.